LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. മേൽ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു.സുപ്രീം കോടതി തള്ളുകയുണ്ടായി. തുടർന്ന് തർക്ക ഭൂമിയിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന മേഖലയിലെ സിവിൽ കോടതിയിൽ ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റ കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 19138 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. സമാനമായ മറ്റ ഭൂമിക്കെതിരെയും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ ഇത്തരത്തിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും പിടിച്ചെടുത്തു; വിശദാംശം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

പട്ടയം വിതരണം

217 (966) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിലെ അർഹരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

75 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

ആലത്തൂർ	-	9 പട്ടയം
എരിമയൂർ 1	-	11 പട്ടയം
വണ്ടാഴി 1	-	34 പട്ടയം
വണ്ടാഴി 2	-	5 പട്ടയം
മംഗലംഡാം	-	14 പട്ടയം
കിഴക്കഞ്ചേരി 1	-	2 പട്ടയം